13105
9/7/18

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് 2018 വർഷത്തെ ക്ലോഷർ പീരീഡിൽ ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.323/2018/വനം തീയതി,തിരുവനന്തപുരം, 02/07/2018**

---

പരാമർശം:- 1 കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ ക്ലോഷർ പീരീഡിലെ ഈറ്റ ശേഖരണം സംബന്ധിച്ച് 6/6/2018-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

2 കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, മാനേജിംഗ് ഡയരക്ടർ 12/6/2018-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

3 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ 19/6/2018-ലെ പ്രൊ(4)-38595/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് 2018 വർഷത്തെ ക്ലോഷർ പീരിയഡായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലേക്ക് ഈറ്റ ശേഖരണത്തിന് അനുമതി ആവശ്യപ്പെട്ട് പരാമർശം 2) പ്രകാരം അപേക്ഷിച്ചിരുന്നു.

2) ക്ലോഷർ പീരിയഡായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലേക്ക് 556 MT ഈറ്റയാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും, പരമ്പരാഗത പനമ്പ് നെയ്ത്ത് തൊഴിലാളികളുടെയും ഗോത്രവർഗ്ഗ ഈറ്റവെട്ട് തൊഴിലാളികളുടെയും ഉപജീവനവുമായി ബന്ധപ്പെട്ട വിഷയമാണെന്നതും കണക്കിലെടുത്തുകൊണ്ട് 2018 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി മൂന്നാർ, മലയാറ്റൂർ, മാങ്കുളം, റാന്നി എന്നീ ഡിവിഷനുകളിലെ റെയിഞ്ചുകളിൽ നിന്നും 2017-18 വർഷത്തിൽ ശേഖരണത്തിനായി അനുവദിച്ചതിൽ ശേഖരിക്കാൻ ബാക്കിയുള്ളവയിൽ നിന്നും 556 MT ഈറ്റ ശേഖരിച്ച് നീക്കംചെയ്യുന്നതിനും, ക്ലോഷർ പീരിയഡിലെ ഈറ്റ ശേഖരണം ഈറ്റയുടെ സ്ഥായിയായ നിലനിൽപിന് ദോഷകരമാകയാൽ വരും വർഷങ്ങളിൽ ഈ ആവശ്യം ഉന്നയിക്കരുതെന്ന നിബന്ധനയോടും കൂടി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് പരാമർശം 1) പ്രകാരം അനുമതി ഉത്തരവ് നൽകാവുന്നതാണെന്ന് പരാമർശം 3)

പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1) യോഗ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിലും, പരാമർശം 3) -ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺ സർ വേറ്റർ (ഫോറസ്റ്റ്, ലാൻ ഡ് & റിസോഴ്സസ്)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും, ക്ലോഷർ പീരിയഡിലെ ഈറ്റ ശേഖരണം ഈറ്റയുടെ സ്ഥായിയായ നിലനിൽപിന് ദോഷകരമാകയാൽ വരും വർഷങ്ങളിൽ ഈ ആവശ്യം ഉന്നയിക്കരുതെന്നും, ക്ലോഷർ പീരിയഡിൽ ഇനിയൊരിക്കലും ഈറ്റ വെട്ടാൻ അനുവദിക്കില്ലെന്നും, ആവശ്യമെങ്കിൽ അതിനു മുമ്പുള്ള മാസങ്ങളിൽ ആവശ്യത്തിന് വെട്ടി സംഭരിക്കണമെന്നുമുള്ള കർശന നിബന്ധനയോടെ ഇത്തവണ കൂടി 2018 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി മൂന്നാർ, മലയാറ്റൂർ, മാങ്കുളം, റാന്നി എന്നീ ഡിവിഷനുകളിലെ റെയിഞ്ചുകളിൽ നിന്നും 2017-18 വർഷത്തിൽ ശേഖരണത്തിനായി അനുവദിച്ചതിൽ ശേഖരിക്കാൻ ബാക്കിയുള്ളവയിൽ നിന്നും 556 MT ഈറ്റ ശേഖരിച്ച് നീക്കംചെയ്യുന്നതിന് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനില് കുമാര്.വി.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

വ്യവസായ (കെ) വകുപ്പ് (18/6/2018-ലെ വ്യവ-2532188/കെ1/18/-വ്യവ പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
V Beena
സെക്ഷൻ ഓഫീസർ